**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 64** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. യു. ആർ. പ്രദീപ് (വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** 2016-ൽ സംസ്ഥാനത്ത് എത്ര സ്റ്റാർട്ടപ്പുകളാണ് ഉണ്ടായിരുന്നത്;

**<u>മറുപടി:</u>** 2016ൽ കേരളത്തിൽ 300 സ്റ്റാർട്ടപ്പുകളാണ് ഉണ്ടായിരുന്നത്.

2026 വരെയുള്ള കാലയളവിൽ 7700 സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്തു. ഇതുവഴി ആകെ 77,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**(ബി)** 2016 മുതലുള്ള 10 വർഷ കാലയളവിൽ എത്ര സ്റ്റാർട്ടപ്പുകൾ ആരംഭിക്കുവാൻ കഴിഞ്ഞു; ഇതു മുഖേന എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2016ൽ കേരളത്തിൽ 300 സ്റ്റാർട്ടപ്പുകളാണ് ഉണ്ടായിരുന്നത്.

2026 വരെയുള്ള കാലയളവിൽ 7700 സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്തു. ഇതുവഴി ആകെ 77,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**(സി)** സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിന് ഏതെല്ലാം സർക്കാർ ധനകാര്യ സ്ഥാപനങ്ങളാണ് വായ്പകൾ നൽകിവരുന്നത്;

**<u>മറുപടി:</u>** കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ്, കേരള ബാങ്ക്, ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്, വനിതാ വികസന കോർപറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന സ്റ്റാർട്ടപ്പുകൾക്ക് വായ്പ നൽകിവരുന്നു.

**(ഡി)** സ്റ്റാർട്ടപ്പുകൾക്ക് അന്തർദേശീയ വാണിജ്യ ബന്ധം സ്ഥാപിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ?

**<u>മറുപടി:</u>** കേരള സ്റ്റാർട്ടപ്പ് മിഷൻ്റെ യങ് ഓൺട്രപ്രണർഷിപ്പ് ഡവലപ്മെന്റ് പദ്ധതിയുടെ (വൈ ഇ ഡി പി) പ്രധാന ആകർഷണമായ ഇൻ്റർനാഷണൽ എക്സ്പോഷർ പ്രോഗ്രാം വഴി സ്റ്റാർട്ടപ്പുകൾ അവരുടെ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുകയും അന്താരാഷ്ട്ര തലത്തിൽ ബിസിനസ്, നിക്ഷേപ അവസരങ്ങൾ നേടുകയും ചെയ്യുന്നു. ആദ്യ വിദേശ സന്ദർശനത്തിൽ യാത്രാച്ചെലവിന്റെ 90 ശതമാനം

ഒരാൾക്ക് ലഭിക്കും. രണ്ടാമത്തെയും മൂന്നാമത്തെയും നാലാമത്തെയും യാത്രച്ചെലവിന്റെ യഥാക്രമം 70, 50, 25 ശതമാനം തുകയാണ് ലഭിക്കുന്നത്. ഇതേ മാതൃകയിൽ ദേശീയതലത്തിലുള്ള പരിപാടികൾക്കും സമ്മേളനങ്ങൾക്കും മുഴുവൻ യാത്രാച്ചെലവും വഹിക്കുന്ന പദ്ധതികളുമുണ്ട്.

**സെക്ഷൻ ഓഫീസർ**